©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ജൂൺ 29
29th June 2026
1201 മിഥുനം 15
15th Mithunam 1201
1948 ആഷാഢം 8
8th Ashadha 1948

നമ്പർ
No.
1944

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. KLS/3654/2026-Legi1. തീയതി, തിരുവനന്തപുരം 2026 ജൂൺ 29

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5) പ്രകാരം 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ. 1

2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ

2026-2027 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 2026-2027 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

അദ്ധ്യായം - 1

പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്ടിന് 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഈ ആക്ടിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) 3-ഉം 5-ഉം വകുപ്പുകൾ സർക്കാർ, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന അത്തരം തീയതി പ്രാബല്യത്തിൽ വരുന്നതാണ് ;

(ii) ഈ ആക്ടിലെ ശേഷിക്കുന്ന വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

അദ്ധ്യായം - 2

നികുതി പരിഷ്കരണം

2. 1959-ലെ 17-ാം ആക്ടിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്ടിൽ (1959-ലെ 17) 45ബി-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

"(7) ഈ വകുപ്പിൻ കീഴിൽ നിശ്ചയിച്ചിട്ടുള്ള കുറവായ മുദ്രവില അടയ്ക്കാൻ ബാധ്യസ്ഥനായ ആൾ, (2) ഉം (3) ഉം ഉപവകുപ്പുകൾ പ്രകാരം കളക്ടർ അല്ലെങ്കിൽ (6)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ അധികാരി, അതുസംഗതിപോലെ, പാസാക്കിയിട്ടുള്ള അന്തിമ ഉത്തരവ് തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ പ്രസ്തുത തുക അടയ്ക്കാൻ വീഴ്ച വരുത്തിയാൽ, പ്രസ്തുത കാലാവധി അവസാനിച്ചതിന് തൊട്ടടുത്ത ദിവസം മുതൽ തുക അടയ്ക്കുന്ന തീയതിവരെ കുറവായ മുദ്രവിലയ്ക്കുമേൽ പ്രതിമാസം ഒരു ശതമാനമെന്ന നിരക്കിൽ പലിശ അടയ്ക്കാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(8) ഈ വകുപ്പ് പ്രകാരം കളക്ടർ അല്ലെങ്കിൽ അപ്പീൽ അധികാരി, അതുസംഗതിപോലെ, നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും കുറവായ മുദ്രവില, (7)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ അടയ്ക്കാതെ അവശേഷിച്ചാൽ കരണവുമായി ബന്ധപ്പെട്ട വസ്തുവിന്മേൽ ചാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജ്ജാകുന്നതും അത്തരം ചാർജ്ജ്, കുറവുവന്ന മുദ്രവില, പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെയുള്ള ബാധ്യത ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നതുവരെ നിലനിൽക്കുന്നതാണ്: വസ്തുവിന്മേൽ ചാർജ് നിശ്ചയിക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണ്.".

3. 1963-ലെ 15-ാം ആക്ടിന്റെ ഭേദഗതി.—1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ടിൽ (1963-ലെ 15),-

(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിലെ (ബി) ഖണ്ഡത്തിൽ "ഹോർട്ടി വൈൻ,", എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "വീര്യം കുറഞ്ഞ മദ്യം," എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(2) പട്ടികയിൽ, ക്രമനമ്പർ 2-ൽ,-

(i) ഇനം (iv)-ന് ശേഷം, താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

“

(ivഎ)	വീര്യം കുറഞ്ഞ മദ്യം,-	
	(എ) 0.5% v/v യ്ക്കും 10% v/v യ്ക്കും ഇടയിൽ വീര്യമുള്ള മദ്യം	120
	(ബി) 10% v/v യ്ക്കും 20% v/v യ്ക്കും ഇടയിൽ വീര്യമുള്ള മദ്യം	175 ”;

(ii) ഇനം (v) ൽ, "(iv)" എന്ന അക്ഷരങ്ങൾക്കും ബ്രാക്കറ്റിനും പകരം “(iv), (ivഎ)” എന്നീ ചിഹ്നവും അക്ഷരങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) വിശദീകരണം (iഎ) യ്ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:-

"(iബി) "വീര്യം കുറഞ്ഞ മദ്യം" എന്നാൽ 1953-ലെ വിദേശ മദ്യ ചട്ടങ്ങളിലെ 3(എ)-ാം ചട്ടത്തിന്റെ വിശദീകരണത്തിൽ വീര്യം കുറഞ്ഞ മദ്യത്തിന് നൽകിയിരിക്കുന്ന അതേ അർത്ഥം ആയിരിക്കുന്നതാണ്.".

4. 1976-ലെ 19-ാം ആക്ടിന്റെ ഭേദഗതി.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ട് (1976-ലെ 19),-

(1) പട്ടികയിൽ,—

(i) ക്രമനമ്പർ 4-ൽ,

(എ) ഇനം (ഒ)-യ്ക്കും അതിന് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:-

"(ഒ)	"	15000 കിലോഗ്രാം	2550.00 + 15000 കിലോഗ്രാമിൽ അധികമുള്ള ഓരോ 250 കിലോഗ്രാമിനും അതിന്റെ ഭാഗത്തിനും 130 രൂപ";

(ബി) ഇനം (പി)-ഉം അതിന് എതിരെയുള്ള ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ക്രമനമ്പർ 7-ൽ,—

(എ) ഇനം (i)-ൽ ഉപഇനം (ഇ)-ൽ (i), (ii), (iii) എന്നീ ഉൾക്കുറിപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

" 6 യാത്രക്കാരിൽ കൂടുതൽ വഹിച്ചുകൊണ്ടുപോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്ട് കാര്യേജ്,—

(i) ഓരോ പാസഞ്ചർ സീറ്റിനും	900.00
(ii) ഓരോ സ്ലീപ്പർ ബർത്തിനും	1500.00";

(ബി) ഇനം (iii)-ൽ,-

(iഎ) ഉപഇനം (എ)-യിൽ, 3-ാം കോളത്തിൽ, "490.00" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "250.00" എന്ന അക്കങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്;

(iബി) ഉപഇനം (ബി)-യിൽ, 3-ാം കോളത്തിൽ, "560.00" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "280.00" എന്ന അക്കങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്;

(iസി) ഉപഇനം (സി)-യിൽ, 3-ാം കോളത്തിൽ, "170.00" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "90.00" എന്ന അക്കങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iഡി) ഉപഇനം (ഡി)-യിൽ, 3-ാം കോളത്തിൽ, "130.00" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "70.00" എന്ന അക്കങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്;

(സി) ഇനം (iv)-ൽ,-

(iഎ) ഉപഇനം (എ)-യിൽ, 3-ാം കോളത്തിൽ, "950" എന്ന അക്കത്തിന് പകരം "480" എന്ന അക്കം ചേർക്കേണ്ടതാണ്;

(iബി) ഉപഇനം (ബി)-യിൽ, 3-ാം കോളത്തിൽ, "800" എന്ന അക്കത്തിന് പകരം "400" എന്ന അക്കം ചേർക്കേണ്ടതാണ്;

(iസി) ഉപഇനം (സി)-യിൽ, 3-ാം കോളത്തിൽ, "1030" എന്ന അക്കത്തിന് പകരം "520" എന്ന അക്കം ചേർക്കേണ്ടതാണ്;

(2) അനുബന്ധം-1-ൽ, ക്രമനമ്പർ 7ബി മുതൽ 7എഫ് വരെയും അവയ്ക്ക് എതിരെയുള്ള കോളം (2), (3) എന്നിവയിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

"7 ബി	പത്ത് ലക്ഷം വരെ ക്രയമൂല്യമുള്ള ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ, മുച്ചക്ര ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് മോട്ടോർ കാബുകൾ, സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ	വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 3 ശതമാനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7 സി	പത്ത് ലക്ഷം മുതൽ ഇരുപത് ലക്ഷം വരെ ക്രയമൂല്യമുള്ള ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ, മുച്ചക്ര ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് മോട്ടോർ കാബുകൾ, സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ	വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 5 ശതമാനം
7 ഡി	ഇരുപത് ലക്ഷം മുതൽ നാൽപ്പത് ലക്ഷം വരെ ക്രയമൂല്യമുള്ള ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ, മുച്ചക്ര ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് മോട്ടോർ കാബുകൾ, സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ	വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 10 ശതമാനം
7 ഇ	നാൽപ്പത് ലക്ഷത്തിന് മുകളിൽ ക്രയമൂല്യമുള്ള ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ, മുച്ചക്ര ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് മോട്ടോർ കാബുകൾ, സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ	വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 15 ശതമാനം".

5. 2017-ലെ 20-ാം ആക്ടിന്റെ ഭേദഗതി.—2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്ട് (2017-ലെ 20),-

(1) 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചേർക്കേണ്ടതാണ്, അതായത്:-

"(ബി) വിതരണം നടത്തിയശേഷം, അത്തരം ഡിസ്കൗണ്ടിന്, വിതരണക്കാരൻ, ഒരു ക്രെഡിറ്റ് നോട്ട് പുറപ്പെടുവിക്കുകയും അത്തരം ഡിസ്കൗണ്ടിന് ആനുപാതികമായ, നിക്ഷേപ വിഭവ നികുതി 34-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി വിതരണത്തിന്റെ സ്വീകർത്താവ് തിരിച്ചു നൽകിയിട്ടുണ്ടെങ്കിൽ.";

(2) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "രണ്ടും കൂടിയോ വിതരണം ചെയ്തതിൽ എന്തെങ്കിലും ന്യൂനതയുണ്ടെന്ന് കാണുന്നിടത്തോ" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ 15-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഡിസ്കൗണ്ട് നൽകുന്നിടത്തോ " എന്ന വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ബ്രാക്കറ്റുകളും അക്ഷരവും ചേർക്കേണ്ടതാണ്;

(3) 54-ാം വകുപ്പിൽ,-

(i) (6)-ാം ഉപവകുപ്പിൽ "അവകാശവാദത്തിന്റെ സംഗതിയിൽ" എന്ന വാക്കുകൾക്ക് പകരം "അവകാശവാദത്തിന്റെയോ (3)-ാം ഉപവകുപ്പ് ഒന്നാം ക്ലിപ്തനിബന്ധനയിലെ (ii)-ാം ഖണ്ഡപ്രകാരം അനുവദിക്കപ്പെട്ട ഉപയോഗിക്കാത്ത നിക്ഷേപ വിഭവ നികുതിയുടെയോ സംഗതിയിൽ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (14)-ാം ഉപവകുപ്പിൽ "ആയിരം രൂപയിൽ കുറവാണെങ്കിൽ" എന്ന വാക്കുകൾക്ക് ശേഷം "ഇന്ത്യയ്ക്ക് പുറത്തേക്ക് കയറ്റുമതി ചെയ്ത ചരക്കുകൾക്ക് മേൽ നികുതി ഒടുക്കിയതിന്റെ റീഫണ്ട് അവകാശപ്പെടുന്ന കേസുകൾ ഒഴികെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അദ്ധ്യായം III

ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ സ്കീം, 2026

6. നിർവ്വചനങ്ങൾ.—(1) ഈ അദ്ധ്യായത്തിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ഒഴിവാക്കപ്പെട്ട തുക" എന്നാൽ സ്കീമിലെ വ്യവസ്ഥകൾ പ്രകാരം നികുതിയുടെയോ സെസ്സിന്റെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി സർക്കാർ ഒഴിവാക്കിയിട്ടുള്ള നികുതിയുടെയോ സെസ്സിന്റെയോ സർചാർജ്ജിന്റെയോ പലിശയുടെയോ അല്ലെങ്കിൽ പിഴയുടെയോ കുടിശ്ശിക എന്നർത്ഥമാകുന്നു;

(ബി) (i) "നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശിക" എന്നാൽ 2017-2018 വരെയുള്ള സാമ്പത്തിക വർഷങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആക്ടിൻ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവിൽ ഒരു വ്യക്തി ഒടുക്കേണ്ടതായ നികുതി അല്ലെങ്കിൽ സർചാർജ്ജ്, അതിലേയ്ക്കായി ബന്ധപ്പെട്ട ആക്ടിൻ കീഴിൽ തിട്ടപ്പെടുത്തൽ അല്ലെങ്കിൽ പുനർനിർണയം നടത്തിയിട്ടുള്ളതും പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതുമായ തുക എന്നർത്ഥമാകുന്നു;

(ii) "പലിശയുടെ കുടിശ്ശിക" എന്നാൽ 2017-2018 വരെയുള്ള സാമ്പത്തിക വർഷങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആക്ടിൻ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവിൽ ഒരു വ്യക്തി ഒടുക്കേണ്ടതായ പലിശ, അതിലേയ്ക്കായി ബന്ധപ്പെട്ട ആക്ടിൻകീഴിൽ തിട്ടപ്പെടുത്തൽ അല്ലെങ്കിൽ പുനർനിർണയം നടത്തിയിട്ടുള്ളതും പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതുമായ തുക എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) "പിഴയുടെ കുടിശ്ശിക" എന്നാൽ 2017-2018 വരെയുള്ള സാമ്പത്തിക വർഷങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആക്ടിൻ കീഴിലുള്ള ഒരു നിർദ്ദിഷ്ട ഉത്തരവിൽ ഒരു വ്യക്തി ഒടുക്കേണ്ടതായ പിഴ, അതിലേയ്ക്കായി ബന്ധപ്പെട്ട ആക്ടിൻ കീഴിൽ തിട്ടപ്പെടുത്തൽ അല്ലെങ്കിൽ പുനർനിർണയം നടത്തിയിട്ടുള്ളതും പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതുമായ തുക എന്നർത്ഥമാകുന്നു:

എന്നാൽ, ബന്ധപ്പെട്ട ആക്ടിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ചുള്ള തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതോ അല്ലെങ്കിൽ ബന്ധപ്പെട്ട ആക്ടിൻ കീഴിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യമല്ലാത്ത സംഗതിയിൽ അത്തരം പിഴയുമായി ബന്ധപ്പെട്ട നികുതി അല്ലെങ്കിൽ സർചാർജ്ജ് ഡിമാൻഡ്, നികുതി അല്ലെങ്കിൽ സർചാർജ്ജിന്റെ കുടിശ്ശികയായി കരുതപ്പെടേണ്ടതും ആയതിന് അനുസൃതമായി ഒടുക്കേണ്ട തുക കണക്കാക്കേണ്ടതുമാണ്:

എന്നിരുന്നാലും, സ്കീമിന്റെ പ്രാബല്യത്തീയതിയിൽ ഏതെങ്കിലും അധികാര സ്ഥാനമോ കോടതിയോ ട്രിബ്യൂണലോ ഏതെങ്കിലും തുകയിന്മേൽ സ്റ്റേ അനുവദിച്ചിട്ടുള്ള പക്ഷം ആയതും പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകയായി കരുതപ്പെടുന്നതാണ്.

വിശദീകരണം I.—സ്കീമിന്റെ ആവശ്യത്തിലേയ്ക്കായി, "പുനർനിർണയം" എന്ന പദത്തിൽ ബന്ധപ്പെട്ട ആക്ടിന്റെ കീഴിലുള്ള റിമാൻഡ് ചെയ്ത കേസുകളുടെ പുതിയ തിട്ടപ്പെടുത്തലും തിട്ടപ്പെടുത്തൽ ഉത്തരവിന്റെ പരിഷ്കരണവും തിട്ടപ്പെടുത്തൽ ഉത്തരവിന്റെ തിരുത്തലും ഉൾപ്പെടുന്നതാണ്.

വിശദീകരണം II.—ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള നികുതി, സർചാർജ്ജ്, സെസ്സ്, പലിശ, പിഴത്തുക എന്നിവയിൽ ഡിമാൻഡ് നോട്ടീസ് നൽകിയതിനുശേഷം ഏതെങ്കിലും തുക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗുണഭോക്താവ് ഭാഗികമായി ഒടുക്കുകയോ നിക്ഷേപിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും, ഡിമാൻഡ് നോട്ടീസിലെ തുക തന്നെ പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുകയായി കണക്കാക്കുന്നതാണ്.

ദൃഷ്ടാന്തം I:

- 1000 രൂപ നികുതി/സർചാർജ്ജ് തുകയ്ക്കും 100 രൂപ പിഴത്തുകയ്ക്കും വേണ്ടിയായിരുന്നു കാരണം കാണിക്കൽ നോട്ടീസ്.
- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 100 രൂപ പിഴത്തുകയുമായാണ് ഉത്തരവ്.
- ഈ ഉത്തരവിന്മേൽ അപ്പീൽ ഫയൽ ചെയ്തു.
- ഈ കേസിൽ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 1000 രൂപയാണ്.

ദൃഷ്ടാന്തം II:

- 1000 രൂപ നികുതി/സർചാർജ്ജ് തുകയ്ക്കും 100 രൂപ പിഴത്തുകയ്ക്കും വേണ്ടിയായിരുന്നു കാരണം കാണിക്കൽ നോട്ടീസ്.
- 900 രൂപ നികുതി/സർചാർജ്ജ് തുകയും 90 രൂപ പിഴത്തുകയുമായാണ് ഉത്തരവ്.
- ഈ ഉത്തരവിന്മേൽ അപ്പീൽ ഫയൽ ചെയ്തു.
- ഈ കേസിൽ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 900 രൂപയാണ്.

ദൃഷ്ടാന്തം III:

- 1000 രൂപ നികുതി/സർചാർജ്ജ് തുകയ്ക്കും 500 രൂപ പിഴത്തുകയ്ക്കും വേണ്ടിയായിരുന്നു കാരണം കാണിക്കൽ നോട്ടീസ്.

- 1000 രൂപ നികുതി/സർചാർജ്ജ് തുകയും 500 രൂപ പിഴത്തുകയുമായാണ് ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

- പുനർനിർണയത്തിനുശേഷം നികുതി/സർചാർജ്ജ് 800 രൂപയാകുകയും പലിശ 300 രൂപയാകുകയും ചെയ്യു. പുനർനിർണയത്തിനുശേഷം നികുതി/സർചാർജ്ജ് തുകയിൽ 500 രൂപയും പിഴ തുകയിൽ 200 രൂപയും ഒടുക്കി.

- ഈ കേസിൽ നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 800 രൂപയും പിഴ കുടിശ്ശിക 300 രൂപയുമാണ്;

(സി) "ഗുണഭോക്താവ്" എന്നാൽ ഈ സ്കീം പ്രകാരം കുടിശ്ശികകൾ തീർപ്പായതായി കണക്കാക്കപ്പെടുന്ന ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നു;

(ഡി) "തീർപ്പാക്കൽ സർട്ടിഫിക്കറ്റ്" എന്നാൽ ഈ അദ്ധ്യായത്തിലെ 11-ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ഇ) "സംസ്ഥാന നികുതി കമ്മീഷണർ" എന്നാൽ 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്ട് (2017-ലെ 20) പ്രകാരമുള്ള സംസ്ഥാന നികുതി കമ്മീഷണർ എന്നർത്ഥമാകുന്നു;

(എഫ്) "നിയുക്ത അധികാരസ്ഥാനം" എന്നാൽ ഈ അദ്ധ്യായത്തിലെ 7-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ഒരു അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) "ആർജ്ജിത പലിശ" എന്നാൽ ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടില്ലാത്തതും എന്നാൽ ഉത്തരവ് തീയതിയ്ക്കും കുടിശ്ശികയുടെ അന്തിമ തീർപ്പാക്കൽ തീയതിയ്ക്കുമിടയിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാലയളവിൽ ആർജ്ജിച്ചിട്ടുള്ളതുമായ പലിശത്തുക എന്നർത്ഥമാകുന്നു;

(ഐ) "വിജ്ഞാപനം" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജെ) "ബന്ധപ്പെട്ട ആക്ട്" എന്നാൽ,-

(i) 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്ട് (1957-ലെ 11);

(ii) 1963-ലെ കേരള പൊതുവില്പന നികുതി ആക്ട് (1963-ലെ 15);

(iii) റദ്ദാക്കപ്പെട്ടിട്ടുള്ള 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്ട് (1976-ലെ 32);

(iv) റദ്ദാക്കപ്പെട്ടിട്ടുള്ള 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15);

(v) റദ്ദാക്കപ്പെട്ടിട്ടുള്ള 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ട് (2004-ലെ 30);

(vi) 1956-ലെ കേന്ദ്ര വില്പന നികുതി ആക്ട് (1956-ലെ 74-ാം കേന്ദ്ര ആക്ട്);

(കെ) "സ്കീം അല്ലെങ്കിൽ ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ സ്കീം, 2026" എന്നാൽ ഈ അദ്ധ്യായത്തിൻ കീഴിലുള്ള സ്കീം എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എൽ) "നിർദ്ദിഷ്ട ഉത്തരവ്" എന്നാൽ ബന്ധപ്പെട്ട ആക്ടിൻകീഴിൽ ഒടുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള നികുതി, സെസ്സ്, സർചാർജ്ജ്, പലിശ അല്ലെങ്കിൽ പിഴ സംബന്ധിച്ച ഏതെങ്കിലും ഉത്തരവ് എന്നർത്ഥമാകുന്നു.

കുറിപ്പ്:- ബന്ധപ്പെട്ട ആക്ടിൻകീഴിലുള്ള ഏതെങ്കിലും അപ്പീൽ അധികാര സ്ഥാനത്തിന്റെയോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മുമ്പാകെ സർക്കാർ സമർപ്പിച്ച ഏതെങ്കിലും അപ്പീൽ തീർപ്പാക്കാതെയുള്ള സംഗതികളിൽ, അസ്സൽ ഉത്തരവ് നിർദ്ദിഷ്ട ഉത്തരവ് ആയിരിക്കുന്നതാണ്.

(2) ഈ അദ്ധ്യായത്തിൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ബന്ധപ്പെട്ട ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും അതത് ആക്ടുകളിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

7. നിയുക്ത അധികാരസ്ഥാനം.—സ്കീം നടപ്പിലാക്കുന്നതിന്റെ ആവശ്യ ത്തിലേക്കായി, സംസ്ഥാന നികുതി കമ്മീഷണർക്ക് ഒരു ഉത്തരവ് മുഖേന, 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്ടിന്റെ (2017-ലെ 20) 3-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഉദ്യോഗസ്ഥരെയോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റിയെയോ നിയുക്ത അധികാരസ്ഥാനമായി നിയമിക്കാവുന്നതും അത്തരം അധികാരസ്ഥാനത്തിന് സംസ്ഥാന നികുതി കമ്മീഷണർ വിനിർദ്ദേശിക്കുന്ന അത്തരം പ്രദേശത്തോ പ്രദേശങ്ങളിലോ അധികാരിത ഉണ്ടായിരിക്കുന്നതുമാണ് :

എന്നാൽ, ഏതെങ്കിലും തീരുമാനത്തെയോ ഉത്തരവിനെയോ സംബന്ധിച്ച് നിയുക്ത അധികാരസ്ഥാനത്തിലെ അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസ മുണ്ടാകുന്ന സംഗതികളിൽ ഭൂരിപക്ഷ അഭിപ്രായം നിലനിൽക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. സ്കീമിൽ ഉൾപ്പെടുന്നതിനുള്ള യോഗ്യത.—(1) ബന്ധപ്പെട്ട ആക്ടിലോ നിലവിലുള്ള സ്കീമിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ബന്ധപ്പെട്ട ആക്ടിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദിഷ്ട ഉത്തരവിൽ ഉൾപ്പെട്ട നികുതിയുടെയോ സെസ്സിന്റെയോ സർചാർജ്ജിന്റെയോ പലിശയുടെയോ അല്ലെങ്കിൽ പിഴയുടെയോ മുഴുവൻ കുടിശ്ശിക തുകയും അതിൻമേലുള്ള ആർജ്ജിത പലിശയും ഈ സ്കീമിൽ തീർപ്പാക്കിയതായി കണക്കാക്കപ്പെടുന്നതാണ്, എന്നാൽ,-

(i) അത്തരം ഉത്തരവിലെ നികുതിയുടെയോ സർചാർജ്ജിന്റെയോ കുടിശ്ശിക അൻപതിനായിരം രൂപയ്ക്ക് മുകളിലും എന്നാൽ രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതുമാണ്; കൂടാതെ

(ii) നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 2017-18 സാമ്പത്തികവർഷം വരെയുള്ള ഏതെങ്കിലും സാമ്പത്തികവർഷവുമായി ബന്ധപ്പെട്ടതായിരിക്കേണ്ടതും; കൂടാതെ

(iii) അത്തരം ഉത്തരവ് 2027 മാർച്ച് 31 നോ അതിന് മുമ്പോ പുറപ്പെടുവിച്ചിട്ടുള്ളതും:

എന്നാൽ, ബന്ധപ്പെട്ട ആക്ടിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ച തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത അല്ലെങ്കിൽ ബന്ധപ്പെട്ട ആക്ടിൻ കീഴിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യതയില്ലാത്ത സംഗതിയിൽ, നികുതി അല്ലെങ്കിൽ സർചാർജ്ജുമായി ബന്ധപ്പെട്ട അത്തരം പിഴയെ നികുതിയുടെയോ അല്ലെങ്കിൽ സർചാർജ്ജിന്റെയോ കുടിശ്ശികയായി കരുതപ്പെടേണ്ടതുമാണ്.

വിശദീകരണം.-"നിലവിലെ സ്കീം" എന്നാൽ 2025-ലെ കേരള ധനകാര്യ ആക്ടിൻ (2025-ലെ 3) കീഴിലെ 2025-ലെ പൊതു ആംനസ്റ്റി സ്കീം 13എ വകുപ്പ് പ്രകാരമുള്ള ചെറിയ കുടിശ്ശികകളെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംബന്ധിച്ച പ്രത്യേക ഒഴിവാക്കൽ എന്നർത്ഥമാകുന്നു.

(2) ബന്ധപ്പെട്ട ആക്ടിൻ കീഴിൽ, ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ നികുതി അല്ലെങ്കിൽ നികുതികൾ/ സർചാർജ്ജുകൾ സംബന്ധിച്ച് തീർപ്പാക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ യാതൊരു നികുതി അല്ലെങ്കിൽ നികുതികൾ/ സർചാർജ്ജുകൾ ആ വർഷത്തിൽ തീർപ്പാക്കാൻ ബാക്കിയില്ലെങ്കിലോ ബന്ധപ്പെട്ട ആക്ടിൻ കീഴിൽ അത്തരം വർഷവുമായി ബന്ധപ്പെട്ട് ചുമത്തിയിട്ടുള്ള എല്ലാ പിഴകളും, 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള പിഴകൾ ഒഴികെ, ഈ സ്കീം പ്രകാരം തീർപ്പാക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

9. സ്കീം ബാധകമാകാത്തവ.—ഈ സ്കീമിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1963-ലെ പൊതുവില്പന നികുതി ആക്ടിലെ (1963-ലെ 15) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പും അല്ലെങ്കിൽ 7-ാം വകുപ്പ് പ്രകാരവും ഒരു ഡീലർ ഒടുക്കേണ്ട ഏതെങ്കിലും നികുതിയുടെയോ സെസ്സിന്റെയോ പലിശയുടെയോ അല്ലെങ്കിൽ പിഴയുടെയോ കുടിശ്ശികകൾക്ക് ഈ സ്കീമിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

10. നിയന്ത്രണങ്ങൾ.—ബന്ധപ്പെട്ട ആക്ടിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ബന്ധപ്പെട്ട ആക്ടിൻ കീഴിൽ ഒടുക്കിയ തുക, എന്തെങ്കിലും ഉണ്ടെങ്കിൽ, യാതൊരു സാഹചര്യത്തിലും തിരികെ നൽകുന്നതല്ല.

11. കുടിശ്ശിക തീർപ്പാക്കലും സർട്ടിഫിക്കറ്റ് വിതരണവും.-(1) ഈ സ്കീമിൻകീഴിൽ കുടിശ്ശിക തീർപ്പാക്കലിന് യോഗ്യതയുണ്ടെന്ന് നിയുക്ത അധികാരസ്ഥാനത്തിന് ബോധ്യപ്പെടുന്നപക്ഷം, ഉണഭോക്താവിന്റെ ആവശ്യപ്രകാരം, ഒരു ഉത്തരവിനാൽ, സംസ്ഥാന നികുതി കമ്മീഷണർ ഒരു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ് മുഖേന വിനിർദ്ദേശിച്ച പ്രകാരമുള്ള അത്തരം ഫാറത്തിൽ, ലിഖിതമായി ഒരു തീർപ്പാക്കൽ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. ഓരോ നിർദ്ദിഷ്ട ഉത്തരവിനെ സംബന്ധിച്ചും ഒരു പ്രത്യേക തീർപ്പാക്കൽ സർട്ടിഫിക്കറ്റും ഉത്തരവും പുറപ്പെടുവിക്കേണ്ടതാണ്:

എന്നാൽ, ഈ സ്കീമിനുകീഴിൽ തീർപ്പാക്കൽ നടത്തിയിട്ടുള്ള സംഗതികളിലും സർക്കാർ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ ഏതെങ്കിലും അധികാരസ്ഥാനം മുമ്പാകെയോ ട്രിബ്യൂണലിലോ കോടതിയിലോ തീർപ്പാക്കാതെയുള്ളപക്ഷവും സർക്കാർ ആയത് ഉടനടി പിൻവലിക്കേണ്ടതാണ്.

(2) നിയുക്ത അധികാരസ്ഥാനത്തിന്, സ്വമേധയായോ ഗ്രണഭോക്താവിന്റെ ആവശ്യപ്രകാരമോ, (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള സർട്ടിഫിക്കറ്റും ഉത്തരവും അത് പുറപ്പെടുവിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ഏതുസമയത്തും ആയതിൽ പ്രത്യക്ഷത്തിൽ കാണുന്ന ഏതെങ്കിലും തെറ്റുകൾ തിരുത്തിക്കൊണ്ട് ഭേദഗതി വരുത്താവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള തെറ്റുതിരുത്തൽ ഏതെങ്കിലും ഒരു ഗ്രണഭോക്താവിനെ ദോഷകരമായി ബാധിക്കുകയാണെങ്കിൽ അത്തരം തിരുത്തലുകൾക്കെതിരെ ഗ്രണഭോക്താവിന് കാരണം കാണിക്കുന്നതിനുള്ള അവസരം നൽകാതെ അത്തരം യാതൊരു തിരുത്തലുകളും വരുത്തുവാൻ പാടില്ലാത്തതാണ്.

12. റിവിഷൻ.—(1) 14-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന നികുതി കമ്മീഷണർക്ക് സ്വമേധയായോ അല്ലെങ്കിൽ അദ്ദേഹത്തിന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ ലിഖിതമായി രേഖപ്പെടുത്തപ്പെട്ട കാരണങ്ങളാലോ ഉത്തരവ് തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ ഏതു സമയത്തും 11-ാം വകുപ്പു പ്രകാരം പാസ്സാക്കിയ ഉത്തരവുകൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിളിച്ചുവരുത്തി പരിശോധിക്കാവുന്നതും അത്തരത്തിൽ ഏതെങ്കിലും ഉത്തരവുകളിൽ എടുത്ത തീരുമാനങ്ങളുടെ കൃത്യതയും നിയമസാധുതയും ഔചിത്യവും സ്വയം ബോധ്യപ്പെടാവുന്നതും ഏതെങ്കിലും സംഗതിയിൽ അത്തരം ഉത്തരവോ തീരുമാനമോ അസാധുവാക്കണമെന്നോ വിപരീതമാക്കണമെന്നോ പുന:പരിശോധനയ്ക്ക് തിരിച്ചയയ്ക്കണമെന്നോ കമ്മീഷണർക്ക് തോന്നുന്നപക്ഷം അദ്ദേഹത്തിന് അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും വ്യക്തിക്ക് എതിരായി ഒരു ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ അയാൾക്ക് തന്റെ ഭാഗം ബോധിപ്പിക്കുവാൻ ഒരവസരം നൽകാതെ ആയത് പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

13. നികുതി വസൂലാക്കൽ നടപടിക്രമങ്ങൾക്കുള്ള വിലക്ക്.—1968-ലെ കേരള നികുതി വസൂലാക്കൽ ആക്ടിൽ (1968-ലെ 15)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും സ്കീമിന്റെ 8-ാം വകുപ്പ് പ്രകാരം കുടിശ്ശികകൾ ഒഴിവാക്കപ്പെടുന്ന സംഗതികളിൽ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ള കേസുകൾക്ക് ബാധകമാകുന്നതാണ്. അത്തരം ഗുണഭോക്താക്കൾക്കെതിരെയുള്ള നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ആക്ട് (2026-ലെ .....) പ്രാബല്യത്തിൽ വരുന്ന തീയതിയിൽ പിൻവലിച്ചതായി കരുതപ്പെടേണ്ടതും അത് റവന്യൂ അധികാരികൾക്കു ബാധകമാകുന്നതും അത്തരം റവന്യൂ അധികാരികൾ ചുമത്തുന്ന ഏതൊരു കളക്ഷൻ ചാർജ്ജും ഒടുക്കുവാനുള്ള ബാധ്യത അത്തരം ഗുണഭോക്താക്കൾക്ക് ഇല്ലാത്തതുമാണ്.

14. തീർപ്പുകൽപ്പിച്ചിട്ടുള്ള കേസുകൾ പുന:പരിശോധിക്കുന്നതിനുള്ള വിലക്ക്.— 11-ാം വകുപ്പിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു തീർപ്പാക്കൽ സർട്ടിഫിക്കറ്റ് അതുമായി ബന്ധപ്പെട്ട കുടിശ്ശിക തീർപ്പാക്കൽ സംബന്ധിച്ച് ആധികാരികമായിരിക്കുന്നതും പ്രസ്തുത സർട്ടിഫിക്കറ്റിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉൾപ്പെട്ടിട്ടുള്ള യാതൊരു വിഷയവും ബന്ധപ്പെട്ട ആക്ടിൻ കീഴിലുള്ള ഏതെങ്കിലും അപ്പീലിലോ റിവിഷനിലോ റിവ്യൂവിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നടപടിക്രമങ്ങളാലോ പുനഃപരിശോധിക്കാൻ പാടില്ലാത്തതുമാണ്.

15. ബന്ധപ്പെട്ട ആക്ടുകൾക്കു കീഴിലുള്ള അധികാരസ്ഥാനത്തിനു നൽകേണ്ട വിവരങ്ങൾ .—ഈ സ്കീമിന്റെ കീഴിലുള്ള കുടിശ്ശികകൾ തീർപ്പാക്കുമ്പോൾ, സംസ്ഥാന നികുതി കമ്മീഷണർ ഒരു ഉത്തരവ് മുഖേന വിനിർദ്ദേശിച്ച പ്രകാരമുള്ള രീതിയിൽ, നിയുക്ത അധികാരസ്ഥാനം, അത്തരം തീർപ്പാക്കൽ തിട്ടപ്പെടുത്തൽ അധികാരിയെ അറിയിക്കേണ്ടതാണ്.

16. സംസ്ഥാന നികുതി കമ്മീഷണറുടെ അധികാരങ്ങൾ.—സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന നികുതി കമ്മീഷണർക്ക് സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അത്തരം നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ്.

17. നിയുക്ത അധികാരസ്ഥാനം മുമ്പാകെ സമർപ്പിച്ചിട്ടുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള നിരോധനം.—(1) സ്കീമിന് കീഴിലുള്ള റെക്കോർഡുകളിലോ രേഖകളിലോ ഉൾപ്പെട്ടിട്ടുള്ളതോ സ്കീമിന്റെ ആവശ്യത്തിലേയ്ക്കായുള്ള ഏതെങ്കിലും നടപടിയിലോ അടങ്ങിയിട്ടുള്ള എല്ലാ വിശദാംശങ്ങളും രഹസ്യമായി കരുതപ്പെടേണ്ടതും വെളിപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) 2023-ലെ ഭാരതീയ ന്യായ സംഹിതയിലോ (2023-ലെ 45-ാം കേന്ദ്ര ആക്ട്) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ ഏതെങ്കിലും കുറ്റത്തിന്റെ അന്വേഷണത്തിന്റെയോ പ്രോസിക്യൂഷന്റെയോ ആവശ്യത്തിലേയ്ക്കായോ; അല്ലെങ്കിൽ

(ii) സ്കീമിന്റെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്ന ഏതെങ്കിലും ആൾക്ക് സ്കീമിന്റെ ആവശ്യത്തിലേക്കായി വെളിപ്പെടുത്തൽ ആവശ്യമായി വരുമ്പോൾ അയാൾക്ക് നൽകിയ; അല്ലെങ്കിൽ

(iii) സ്കീമിന് കീഴിൽ ആവശ്യപ്പെട്ട ഏതെങ്കിലും ഡിമാൻഡ് വസൂലാക്കുന്നതിനുള്ള നടപടികൾക്കായി നിയമപരമായി ചുമതലപ്പെടുത്തുമ്പോൾ; അല്ലെങ്കിൽ

(iv) സർക്കാർ കക്ഷിയായ ഏതെങ്കിലും വ്യവഹാരത്തിൽ ഒരു സിവിൽ കോടതിക്ക് സ്കീമിന്റെ കീഴിലുള്ള ഏതെങ്കിലും നടപടികളിൽ നിന്നും ഉണ്ടാകുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചോ; അല്ലെങ്കിൽ

(v) 1959-ലെ കേരള മുദ്രപത്ര ആക്ടിൻ (1959-ലെ 17) കീഴിലുള്ള നിയമപരമായ തന്റെ അധികാരം വിനിയോഗിച്ച് അപര്യാപ്തമായി മുദ്ര പതിപ്പിച്ചിട്ടുള്ള രേഖകൾ ഒരു പബ്ലിക് സെർവന്റ് ഇമ്പൗണ്ട് ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(vi) (എ) ഭാരതസർക്കാരിന്റെയോ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും സംസ്ഥാനം അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തിന്റെ സർക്കാരുകൾ പരസ്പരാടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ വെളിപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഒരു ഉദ്യോഗസ്ഥനോ; അല്ലെങ്കിൽ

(vii) സംസ്ഥാന നികുതി കമ്മീഷണറുടെ അനുമതി നേടിയശേഷം, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഒഴികെയുള്ള ഏതെങ്കിലും സർക്കാർ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനോ

അത്തരം ഏതെങ്കിലും വിശദാംശങ്ങളുടെ വെളിപ്പെടുത്തലിന് ബാധകമാകുന്നതല്ല:

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ അത്തരം വിശദാംശങ്ങൾ അസാധാരണമായ സംഗതികളിൽ മാത്രം നൽകേണ്ടതും അത്തരം വിശദാംശങ്ങൾ ലഭിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥർ അത് രഹസ്യമായി സൂക്ഷിക്കേണ്ടതും ഏതെങ്കിലും നിയമത്തിൻ കീഴിലോ അല്ലെങ്കിൽ നൽകപ്പെട്ടിട്ടുള്ള അധികാരം നിയമപരമായി വിനിയോഗിക്കുന്നതിനോവേണ്ടി മാത്രം ഉപയോഗിക്കേണ്ടതുമാണ്.

(3) ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തീർപ്പാക്കൽ സർട്ടിഫിക്കറ്റ് പ്രസിദ്ധീകരിക്കുന്നതിനെ തടയുന്നതല്ല.

18. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം.—(1) സ്കീം പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് സർക്കാരിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നടപടികളോ നിലനിൽക്കുന്നതല്ല.

(2) സ്കീം പ്രകാരമോ അതിൻകീഴിലോ ഉള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കടമ നിറവേറ്റുന്നതിലോ ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കെതിരെ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരെ ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ ഒരു നടപടിയും നിലനിൽക്കുന്നതല്ല.

19. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) സ്കീമിലെ ഏതെങ്കിലും വ്യവസ്ഥകൾക്കു പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സംസ്ഥാന നികുതി കമ്മീഷണർക്ക്, സ്കീമിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ഉത്തരവ് വഴി, അത്തരം വൈഷമ്യങ്ങൾ നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ സ്കീം പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച എല്ലാ ഉത്തരവും സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

അദ്ധ്യായം 4

പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീം, 2026

20. പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീം, 2026.—(1) 2019-ലെ കേരള ധനകാര്യ ആക്ടിലെ (2019-ലെ 5) 14-ാം വകുപ്പിൻ കീഴിൽ 2019ആഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെയുള്ള കാലയളവിൽ കേരള പ്രളയ സെസ്സ് ആയി നൽകേണ്ട ഏതെങ്കിലും തുക കുടിശ്ശികയുള്ള ഏതൊരു നികുതിദായകനും, പ്രളയസെസ്സിൽ ഒടുക്കേണ്ട തുക പൂർണ്ണമായും ഒടുക്കിക്കൊണ്ട് കുടിശ്ശിക തീർപ്പാക്കൽ തിരഞ്ഞെടുക്കാവുന്നതും അപ്രകാരമുള്ള ഒടുക്കലോടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതിന്മേൽ ബാധകമായ പലിശയും പിഴയും ഒഴിവാക്കപ്പെടുന്നതുമാണ്:

എന്നാൽ, പ്രളയ സെസ്സ് കുടിശ്ശികയുമായി ബന്ധപ്പെട്ട് ഒടുക്കേണ്ടതായ മുഴുവൻ പിഴയും നികുതിദായകൻ ഇതിനകം ഒടുക്കിയിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കിയതായി കരുതപ്പെടുന്നതും അത്തരം കുടിശ്ശിക ഈ ഉപവകുപ്പ് പ്രകാരം തീർപ്പാക്കിയതായി കരുതപ്പെടുന്നതുമാണ്.

(2) ഈ സ്കീമിന്റെ കീഴിൽ കുടിശ്ശിക തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന നികുതിദായകൻ, (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശികയുള്ള മുഴുവൻ തുകയും ഇ-ട്രഷറി പോർട്ടൽ വഴി ഇലക്ട്രോണിക് രീതിയിൽ 2027 മാർച്ച് 31-നോ അതിനുമുമ്പോ അടയ്ക്കേണ്ടതാണ്.

വിശദീകരണം.— 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി ആക്ട് (2017-ലെ 12-ാം കേന്ദ്ര ആക്ട്) അല്ലെങ്കിൽ 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്ട് (2017-ലെ 20) പ്രകാരം പുറപ്പെടുവിച്ച ഒരു കാരണം കാണിക്കൽ നോട്ടീസിൽ, പ്രസ്തുത നിയമങ്ങൾ പ്രകാരമുള്ള മറ്റ് ഡിമാൻഡുകളോടൊപ്പം പ്രളയ സെസ്സിന്റെ ഡിമാൻഡുകൂടി ഉൾപ്പെടുത്തുകയും നോട്ടീസ് അല്ലെങ്കിൽ ഉത്തരവ് പ്രകാരം നൽകേണ്ട പ്രളയ സെസ്സ് തീർപ്പാക്കുന്നതിലേക്കായി (1)-ാം ഉപവകുപ്പ് പ്രകാരം ഒടുക്കിയിട്ടുള്ളപക്ഷം പ്രളയ സെസ്സിനെ സംബന്ധിച്ചുള്ള ഡിമാൻഡ് മാത്രം തീർപ്പാക്കപ്പെടുന്നതാണ്.

(3) 2019-ലെ കേരള ധനകാര്യ ആക്ടിലെ (2019-ലെ 5) 14-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അപ്പീൽ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി മുമ്പാകെയൊ അല്ലെങ്കിൽ ഏതെങ്കിലും കോടതി മുമ്പാകെയൊ സർക്കാർ സമർപ്പിച്ച ഒരു അപ്പീൽ തീർപ്പാകാതെയുള്ള സംഗതിയിൽ നികുതിദായകൻ അസ്സൽ ഡിമാൻഡ് ഉത്തരവ് പ്രകാരമുള്ള തുക ഒടുക്കിക്കൊണ്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്കീമിന് കീഴിലുള്ള കുടിശ്ശികകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ,—

(i) 2019-ലെ കേരള ധനകാര്യ ആക്ട് (2019-ലെ 5) പ്രകാരമുള്ള അപ്പീൽ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയെയൊ അല്ലെങ്കിൽ ഏതെങ്കിലും കോടതിയെയൊ; കൂടാതെ

(ii) അധികാരപരിധിയിലുള്ള ഉചിത ഉദ്യോഗസ്ഥനെയൊ,

നികുതിദായകൻ അത്തരം തീർപ്പാക്കൽ അറിയിക്കേണ്ടതാണ്.

(4) അസ്സൽ ഉത്തരവിലെ ഡിമാൻഡ് പ്രകാരം പ്രളയ സെസ്സിൽ ഒടുക്കേണ്ടതായ മുഴുവൻ തുകയും നികുതിദായകൻ ഒടുക്കിക്കൊണ്ട് കുടിശ്ശിക തീർപ്പാക്കിയെന്ന് ഉറപ്പുവരുത്തിയശേഷം ആയത് ബന്ധപ്പെട്ട ഉചിത ഉദ്യോഗസ്ഥൻ 2019-ലെ കേരള ധനകാര്യ ആക്ട് (2019-ലെ 5) 14-ാം വകുപ്പ് പ്രകാരമുള്ള അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയെ അല്ലെങ്കിൽ കോടതിയെ അറിയിക്കേണ്ടതും അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി അല്ലെങ്കിൽ കോടതി അതനുസരിച്ചുള്ള തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(5) 1968-ലെ കേരള നികുതി വസൂലാക്കൽ ആക്ടിൽ (1968-ലെ 15) എന്തുതന്നെ അടങ്ങിയിരുന്നാലും (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കുടിശ്ശിക ഒഴിവാക്കൽ, നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ള സംഗതിയിൽ ബാധകമായിരിക്കുന്നതും നികുതി നിർണ്ണയ അധികാരികൾക്ക് അങ്ങനെയുള്ള തുക (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തീർപ്പാക്കൽ പ്രകാരം പിരിച്ചെടുക്കാൻ അധികാരമുണ്ടായിരിക്കുന്നതും (1)-ാം ഉപവകുപ്പ് പ്രകാരം തുക തീർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്പാക്കുന്നിടത്ത് അപ്രകാരമുള്ള നികുതിദായകർക്കെതിരെയുള്ള നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ആക്ട് (2026-ലെ ...) പ്രാബല്യത്തിൽ വരുന്ന തീയതിയിൽ പിൻവലിച്ചതായി കരുതപ്പെടേണ്ടതും അത് റവന്യൂ അധികാരികൾക്ക് ബാധകമാകുന്നതും അങ്ങനെയുള്ള നികുതിദായകർ റവന്യൂ അധികാരി ചുമത്തുന്ന ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകുവാൻ ബാധ്യസ്ഥരല്ലാത്തതുമാണ്.

(6) ഈ ആക്ടിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പീൽ അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ സ്കീം പ്രകാരം തീർപ്പാക്കിയ തുക, യാതൊരു സാഹചര്യത്തിലും പിന്നീട് മടക്കി നൽകുകയോ തട്ടിക്കിഴിക്കുകയോ ചെയ്യുന്നതല്ല.

21. സംസ്ഥാന നികുതി കമ്മീഷണറുടെ അധികാരങ്ങൾ.—സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന നികുതി കമ്മീഷണർക്ക് സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ്.

22. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.— (1) സ്കീമിലെ ഏതെങ്കിലും വ്യവസ്ഥകൾക്കു പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സംസ്ഥാന നികുതി കമ്മീഷണർക്ക്, സ്കീമിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ഉത്തരവ് വഴി, അത്തരം വൈഷമ്യങ്ങൾ നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ സ്കീം പ്രാബല്യത്തിൽ വന്ന് ഒരു വർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2026-2027 പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് വേണ്ടി താഴെപ്പറയുന്ന ആക്ടുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ, അതായത് :-

1. 1959-ലെ കേരള മുദ്രപ്പത്ര ആക്ട് ((1959-ലെ 17);

2. 1963 ലെ കേരള പൊതുവിൽപ്പന നികുതി ആക്ട് (1963-ലെ 15);

3. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ട് (1976-ലെ 19);

4. 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്ട് (2017-ലെ 20).

ഇതിനുപുറമെ, 2026-ലെ ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ സ്കീമും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ജി.എസ്.ടി. നിയമം വരുന്നതിനു മുൻപുള്ള വിവിധ നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട നിരവധി കുടിശ്ശികകൾ ശേഷിക്കുന്നുണ്ട്. എന്നാൽ ഇതിൽ പല കുടിശ്ശികകളും വളരെ പഴക്കമേറിയതും ചെറിയ തുകകൾ ഉൾപ്പെടുന്നവയും ആണ്. ആയതിനാൽ, 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്ട് (1957-ലെ 11), 1963-ലെ കേരള പൊതുവില്പന നികുതി ആക്ട് (1963- ലെ 15), റദ്ദാക്കപ്പെട്ടിട്ടുള്ള 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്ട് (1976-ലെ 32), റദ്ദാക്കപ്പെട്ടിട്ടുള്ള 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991- ലെ 15), റദ്ദാക്കപ്പെട്ടിട്ടുള്ള 2003-ലെ കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മൂല്യവർദ്ധിത നികുതി ആക്ട് (2004- ലെ 30), 1956-ലെ കേന്ദ്ര വില്പനികുതി ആക്ട് (1956-ലെ 74-ാം കേന്ദ്ര ആക്ട്) എന്നീ പഴയകാല നികുതി നിയമങ്ങളുമായി ബന്ധപ്പെട്ടുള്ള, 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ, അമ്പതിനായിരത്തിന് (₹50,000/-) മുകളിൽ വരുന്നതും എന്നാൽ രണ്ടു ലക്ഷം (₹ 2,00,000/-) കവിയാത്തതുമായ നികുതി കുടിശ്ശികകളെ, അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കും. ഈ ആനുകൂല്യം 2027 മാർച്ച് 31 വരെ തീർപ്പാക്കുന്ന നികുതി നിർണ്ണയ ഉത്തരവുകളിലെ നികുതി കുടിശ്ശികകൾക്ക് ബാധകമായിരിക്കും. എന്നിരുന്നാലും ഈ ആനുകൂല്യം, 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്ട് (1963-ലെ 15) പ്രകാരമുള്ള മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട കുടിശ്ശികകൾക്കു ബാധകമായിരിക്കുകയില്ല.

കൂടാതെ, "പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീം, 2026" ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് ആവശ്യമായ അധിക വിഭവസമാഹരണത്തിനായി 2019 ആഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെ ജി.എസ്.ടി. ബാധകമായ ബിസിനസ്സ് ടു കസ്റ്റമർ (B2C) സപ്ലൈകളിൽ ഒരു ശതമാനം പ്രളയ സെസ്സ് ഈടാക്കിയിരുന്നു. പ്രളയ സെസ്സ് ചുമത്തിയതിന്റെ കാലാവധി അവസാനിച്ചെങ്കിലും, അതുമായി ബന്ധപ്പെട്ട ഗണ്യമായ കുടിശ്ശികകൾ അവശേഷിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഈ ഇനത്തിൽ ഏർപ്പെടുത്തിയിരുന്ന ആംനസ്റ്റി സ്കീമുകൾ ഹ്രസ്വ കാലത്തേക്കുള്ളവയായിരുന്നു. അത്തരം കുടിശ്ശികകൾ തീർപ്പാക്കുന്നതിന് അവസരം നൽകണമെന്നുള്ള നികുതിദായകരുടെ ആവശ്യം പരിഗണിച്ചുകൊണ്ടും, വ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനും, "പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീം, 2026" എന്ന ആംനസ്റ്റി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഈ സ്കീമിൽ ഉൾപ്പെടുന്ന നികുതിദായകർ കുടിശ്ശികയുള്ള മുഴുവൻ പ്രളയ സെസ്സ് തുകയും ഒടുക്കുന്നപക്ഷം, അതുമായി ബന്ധപ്പെട്ട പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നതാണ്. ഈ സ്കീം പ്രകാരം കുടിശ്ശിക തീർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്പാക്കുന്നതിനുള്ള അവസാന തീയതി 2027 മാർച്ച് 31 ആയിരിക്കുന്നതാണ്.

മേൽ ലക്ഷ്യങ്ങൾ നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 1959-ലെ കേരള മുദ്രപ്പത്ര ആക്ടിൽ, 45ബി വകുപ്പിൽ പുതിയതായി കൂട്ടിച്ചേർക്കുന്ന (8)-ാം ഉപവകുപ്പ്, വസ്തുവിന്മേൽ ചാർജ്ജ് ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡം നിയുക്ത അധികാരസ്ഥാനമായി ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റിയെയോ ഒരു ഉത്തരവിലൂടെ നിയമിക്കുവാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 15-ാം ഖണ്ഡം നിയുക്ത അധികാരസ്ഥാനം, തിട്ടപ്പെടുത്തൽ അധികാരിയെ അറിയിക്കുന്നതിനുള്ള രീതി നിശ്ചയിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 16-ാം ഖണ്ഡം 2026-ലെ ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിന്റെ 19-ാം ഖണ്ഡം 2026-ലെ ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്കീമിൻ കീഴിലുള്ള വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിന്റെ 21-ാം ഖണ്ഡം 2026-ലെ പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിന്റെ 22-ാം ഖണ്ഡം 2026-ലെ പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീമിൻ കീഴിലുള്ള വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുകയോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത്, അവ ഭരണപരമോ, നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണ സ്വഭാവത്തോടുകൂടിയതോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. ഡി. സതീശൻ.

(ശരിത്തർജ്ജമ)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.29 09:09:24 +05:30